[Mr. Wilson Peter]

തൊഴിൽകുഴപ്പങ്ങളെ പരാമർശിച്ചു നടത്തിയിട്ടുള്ള ത്രികക്ഷിസമ്മേളന തീരുമാനങ്ങൾ പല മുതലാളികളും ലംഘിച്ചുവരുന്നതു് ബഹു മാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

HON'BLE MR. N. KUNJURAMAN : ത്രികക്ഷിസമ്മേളനത്തിലെ തീരു മാനങ്ങൾ പൊതുവേ മുതലാളിമാർ നടപ്പിൽ വരുത്തുന്നുണ്ടു്. ചില സന്ദർഭങ്ങളിൽ അങ്ങനെയുള്ള തീരുമാനങ്ങൾ നടപ്പിൽ വരുത്തുന്നതിൽ കാലതാമസം നേരിടുന്നുണ്ടു്. ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെടുന്നിട ത്തോളം ലേബർ ഡിപ്പാർട്ടുമെൻറു് ഇടപെട്ടു അങ്ങനെയുള്ള കേസുക ളിലും പ്രസ്തുത തീരുമാനങ്ങൾ നടപ്പിൽവരുത്തുന്നു.

ക്രിസ്ത്യാട്ടുകളും പോലീസിന്റെ അപമര്യാദ.

*88. MR. WILSON PETER : താഴെ കാണുന്ന ചോദ്യത്തിനു ബഹു മാനപ്പെട്ട പോലീസുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

ക്രിസ്ത്യാട്ടുകളുടെ ക്യാമ്പുചെയ്യുവരുന്ന പോലീസുകാർ യാത്രാമദ്ധ്യ ത്തിൽ അവിടെ ഇറങ്ങുവാനിടയായ ഒരു സ്ത്രീയെ അപമാനിച്ചതായി വല്ല പരാതിയും ലഭിച്ചിട്ടുണ്ടോ ?

HON'BLE MR. T. K. NARAYANA PILLAI : No.

MR. WILSON PETER : അവിടെനിന്നു് ഒരു കമ്പിസന്ദേശം മന്ത്രിക്കു ലഭിച്ചിട്ടുണ്ടോ ?

HON'BLE MR. T. K. NARAYANA PILLAI : കമ്പിസന്ദേശം ലഭിച്ചിട്ടു ള്ളതായി ഓർമ്മിക്കുന്നില്ല.

വി. എം. സ്കൂളുകളിലെ ഇംഗ്ലീഷ് അദ്ധ്യാപകന്മാർ.

*89. MR. SANKARAN NADAR (*Neyyattinkara I—Hindu Nadar*) : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ ?

(എ) നെയ്യാറിൻകര താലൂക്കിൽ എത്ര ഗവണ്മെൻറു വി എം. സ്കൂൾ ഉണ്ടെന്നും, അതിൽ എത്ര സ്കൂളിൽ ഈ വർഷാരംഭം മുതൽ നാളിതുവരെ ഇംഗ്ലീഷ് പഠിപ്പിക്കുന്നതിനു അദ്ധ്യാപകന്മാരി ല്ലെന്നും പറയുമോ?

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഗവണ്മെൻറ പരീക്ഷാക്ലാസ്സായ ഇ-ാം ക്ലാസ്സിൽ ഇംഗ്ലീഷ് പഠിപ്പിക്കാതെ പരീക്ഷ നടത്തിയാൽ ഉണ്ടാകാവുന്ന ഫലം എന്താണെന്ന് ഗവണ്മെൻറിനു ബോദ്ധ്യമുണ്ടോ? ഉണ്ടെങ്കിൽ അതിനു പരിഹാരം എന്താണെന്നു പറയുമോ ?

(സി) മേലാലെങ്കിലും ഇതിനു ഇടയാകാതെ വേണ്ടതു ചെയ്യുമോ?

HON'BLE MR. N. KUNJURAMAN : (*a*) 13 schools. There was one M. M. School in Neyyattinkara District where there was no E. S. L. C. holder in the staff for some time.

(*b*) There is at present no 7th class in any Middle school; Form II having been opened instead and this is not a public examination class

(*c*) Steps are being taken to provide every school (Middle as well as Primary) with at least one E. S. L. C hand.

MR. K. A. MATHEW : പല സ്കൂളുകളിലും അഞ്ചാം ക്ലാസിൽ ഇംഗ്ലീഷ് പഠിപ്പിക്കാൻ അദ്ധ്യാപകന്മാർ ഇല്ലെന്നുള്ള വിവരം ഗവണ്മെൻറിന് അറിയാമോ ?

HON'BLE MR. N. KUNJURAMAN : ചില സ്കൂളുകളിൽ ഇല്ലെന്നു ഗവണ്മെൻറിന് അറിയാം.

MR. K. A. MATHEW : അഞ്ചാം ക്ലാസ്സിൽ ഇംഗ്ലീഷ് പഠിപ്പിക്കാത്തതു നിമിത്തം അദ്ധ്യാപകന്മാരും കുട്ടികളും തമ്മിലെ വിഷമിക്കുന്നതായി ഗവണ്മെൻറിനു അറിയാമോ ?

HON'BLE MR. N. KUNJURAMAN : വിഷമം ഉണ്ടാകാം.

തൊഴിലാളി ആക്ടുകൾ.

* 90. MR. K. K. CHELLAPPAN PILLAI (*Mavelikara II—General*) : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട തൊഴിൽവകുപ്പുമന്ത്രിയവർകൾ മറുപടി നൽകുമോ ?

(എ) തൊഴിലാളികളുടെ ക്ഷേമത്തേയും ഉൽക്കർഷത്തേയും പുരസ്കരിച്ചു നിർമ്മിക്കപ്പെട്ടിട്ടുള്ള എത്ര ആക്ടുകൾ ഇന്ന് ഈ രാജ്യത്തു നിലവിലുണ്ട് ?

(ബി) അവ ഏതെല്ലാം ?

(സി) അവയെ പ്രായോഗികമാക്കുന്നതിന് ഗവണ്മെൻറ് ഏതെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly